Mr. C. R. Iyyunni *(Trichur-South)*: I second it.

The motion was put and carried.

Mr. Deputy President: The Advocate-General shall be the Chairman of the Committee and the report will be submitted within 3 months.

The Cochin Agriculturists' Temporary Relief Bill.

Mr. C. V. Iyyu (*Kunnamkulam*): I beg leave to move that the Cochin Agriculturists' Temporary Relief Bill be introduced.

Mr. K. M. Ibrahim *(Cranganur)*: I second it.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഈ ബിൽ അവതരിപ്പിക്കുന്നതിനു മുമ്പു വാദം സിദ്ധിച്ചതിനുശേഷം കാർഷികാശ്വാസനിയമമുണ്ടാക്കുന്നതിനെ സംബന്ധിച്ചു ഗവൺമെണ്ടിനുണ്ടായിരുന്ന നയത്തിനു വളരെ വ്യത്യാസപ്പെട്ടിട്ടുണ്ടു് എന്നു ഞാൻ സമ്മതിക്കാം. അങ്ങിനെ നയത്തിനു ഒരു മാറ്റം വന്നിരിക്കുന്നതായ ഈ അവസരത്തിലാണു് എനിക്കു ഈ ബിൽ അവതരിപ്പിക്കുന്നതുകൊണ്ടു് അതു നടപ്പായി കിട്ടുന്നതിനു എളുപ്പമുള്ളതു്. ഇപ്പോൾ ഗവൺമെണ്ടിൽ നിന്നും അവതരിപ്പിക്കപ്പെട്ട നിയമം കർഷകന്മാരുടെ പരിപൂർണ്ണമായ ആശ്വാസത്തിനു മതിയാകാത്തതാണു് എന്നുള്ള അഭിപ്രായത്തോടു ഇതു സഭ മുഴുവനും യോജിക്കും. എന്നാൽ ഈ ബില്ലു പാസായി നടപ്പിൽ വന്നാൽതന്നെ കടത്തിൽ കിടന്നു പ്രയാസപ്പെടുന്ന ആളുകൾക്കു് അവരുടെ വസ്തുക്കൾ റിസീവരുടെ കയ്യിൽ പെട്ടുപോകുന്നതിൽനിന്നു രക്ഷകിട്ടുന്നതല്ല. പട്ടിണിക്കാരായ കർഷകന്മാർക്കു ഒരാശ്വാസം കൊടുത്തല്ലാതെ അവരുടെ കടം തീർക്കുവാൻ നിവൃത്തിയില്ല എന്നുള്ളതാണു് ഞാൻ ഗവൺമെണ്ടിനെ അറിയിക്കുന്നതു്. അതിനും പുറമെ ഗവൺമെണ്ടു നിർദ്ദേശിക്കപ്പെട്ട ഭേദഗതിയോടുകൂടി ഈ ബിൽ പാസാകാതിരുന്നാൽ ഇതിന്റെ ഭാവി എന്തായിരിക്കുമെന്നുള്ളതിനെപ്പറ്റി ഈ സഭയിലെ അംഗങ്ങൾക്കു ആശങ്കയുണ്ടു്. എനിക്കു ആശങ്കയില്ല. ഗവൺമെണ്ടു കൊണ്ടുവന്നിരിക്കുന്ന ബില്ലുകൊണ്ടു കഷ്ടകടനിവാരണത്തിനു വല്ല നിവൃത്തിയുമുണ്ടോ? ഇല്ലെങ്കിൽ അതിന്മേൽ ഒരു ഭേദഗതി വരുന്ന വ്യാഴികം സെഷനിൽ കൊണ്ടുവരുന്നതുവരേയൊ അല്ലെങ്കിൽ ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറുടേയൊ അഡൂർ മെമ്പറുടേയൊ ബിൽ പാസാകുന്നതുവരേയൊ കർഷകന്മാർക്കു ഒരാശ്വാസം കൊടുക്കുന്നതിനുവേണ്ടിയുള്ളതാണു് ഈ ബിൽ.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ബിൽ എന്താണെന്നു പറഞ്ഞില്ല.

മിസ്റ്റർ സി. വി. ഇയ്യു: കൊച്ചിരാജ്യത്തുള്ള കോടതികളിൽ വിധിച്ചിട്ടുള്ള വിധികൾ യാതൊന്നും ആറുമാസത്തേക്കു നടപ്പിൽ വരുത്താതിരിക്കണമെന്നുള്ളതാണു് ഞാൻ ഈ ബില്ലുകൊണ്ടുദ്ദേശിച്ചിട്ടുള്ളതു്. അതായതു് വിധിനടത്തിയും വിധിച്ചിട്ടുള്ളതൊക്കെ നടത്താതിരിക്കുക, പ്രത്യക്ഷത്തിൽ വല്ല വിധികളും നടത്തീട്ടുണ്ടെങ്കിൽ അതെല്ലാം നിർത്തിവെക്കുക ഇതെല്ലാമാണു് ഇതിന്റെ ഉദ്ദേശങ്ങൾ. ബ്രിട്ടീഷിൽനിന്നു വല്ല വിധിയും ഉണ്ടായിട്ടുണ്ടെങ്കിൽ അതു് നടത്തിക്കൊടുക്കാതിരിക്കുക. ഇവയെക്കെയാണു്.

മിസ്റ്റർ എം. കെ. ദേവസ്സി: എന്നുവരെ നിർത്തിവെക്കണമെന്നു വല്ലതുമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു: ആറു മാസത്തേക്കു്. ഈ ബിൽ എല്ലാവരും അനുകൂലിച്ചു് ഐകകണ്ഠ്യേന പാസാക്കുമെന്നു വിശ്വസിച്ചുകൊണ്ടു് ഞാൻ ബഹുമാനപ്പെട്ട സഭയുടെ അംഗീകരണത്തിനായി ഇവിടെ അവതരിപ്പിച്ചു കൊള്ളുന്നു.

* മിസ്റ്റർ കെ. എം. ഇബ്രാഹിം: മിസ്റ്റർ പ്രസിഡണ്ടു്, സർ, ഒരു വിധിനിരുത്തു വിളംബരം നടപ്പിൽ വരുത്തണമെന്നു ഗവൺമെന്റിനോടു് ആവശ്യപ്പെട്ടുകൊണ്ടു് ബഹുമാനപ്പെട്ട ഈ നിയമസഭ വലിയ ഭൂരിപക്ഷത്തോടുകൂടി ഒരു പ്രമേയം കഴിഞ്ഞ വൃശ്ചികം സെഷനിൽ പാസാക്കുകയുണ്ടായിട്ടുണ്ടു്. അങ്ങിനെ നമ്മുടെ നാട്ടിൽ അത്യന്താപേക്ഷിതമായ ഒരു കഷ്ടകസംരക്ഷണം ആവശ്യമാണെന്നു് വോട്ടുകൊണ്ടു് രേഖപ്പെടുത്തിയ ബഹുമാനപ്പെട്ട നിയമസഭാ സാമാജികന്മാർക്കു ഈ ബില്ലിനെ അനുകൂലിക്കാതിരിക്കുവാൻ യാതൊരു നിവൃത്തിമാർഗവുമില്ലെന്നാണു് എന്റെ എളിയ ബുദ്ധിയിൽ തോന്നുന്നതു്. കഴിഞ്ഞ സെഷനിൽ പാസായ വിധിനിരുത്തു വിളംബരത്തെ സംബന്ധിച്ചിടത്തോളം ബഹുമാനപ്പെട്ട ഗവൺമെൻറു് അവരുടെ സാധാരണ നിലയിലുള്ള ഒരു നടപടിപോലും ഇതേവരെ നടത്തിയതായി നാം അറിയുന്നില്ല. പ്രമേയങ്ങൾ ഈ നിയമ സഭയിൽ പാസായാൽ അതു് സ്വീകരിക്കയോ തള്ളിക്കളയുകയോചെയ്യു് എതെങ്കിലുംവിധത്തിൽ ഗവൺമെൻറിൽനിന്നും ഒരു പ്രൊസീഡിംഗ്സു പാസാക്കുന്ന സമ്പ്രദായം ഈ നിയമസഭയുടെ ആരംഭകാലംമുതൽക്കെ ഉള്ളതാണു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ഗവൺമെൻറു് ഈ കാര്യത്തിൽ നടപടി ഒന്നും നടന്നിട്ടില്ലാത്ത സ്ഥിതിക്കു് ഇതു് ഗവൺമെൻറിന്റെ ആലോചനയിൽ ഇരിക്കുന്ന ഒരു സംഗതിയാണെന്നു ധാരാളം വിശ്വസിക്കുവാൻ അനുദ്യോഗസ്ഥന്മാർക്കു വഴിയുണ്ടു്. അങ്ങിനെ ഇനിയും നിശ്ചിതമായ യാതൊന്നും ചെയ്തിട്ടില്ലാത്ത ഈ സംഗതിയിൽ ഗവൺമെൻറിന്റെ നേരെ പൊതുജന പ്രതിനിധികളുടെ ശ്രദ്ധയെ ഒന്നുകൂടി ശക്തിപ്പെടുത്തുവാനായി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ അനുകൂലിക്കുവാൻ ബഹുമാനപ്പെട്ട അനുദ്യോഗസ്ഥ സാമാജികന്മാർക്കു ഈ നിയമ സഭയിലെ മുൻചെയ്തികളെ വെച്ചുകൊണ്ടതന്നെ ഒരു വലിയ ചുമതലയുണ്ടു്.

ഞാൻ ഈ ബില്ലിനു ഒരു ഭേദഗതി അയച്ചിട്ടുണ്ടായിരുന്നു. ഗവൺമെൻറു് കർഷകന്മാർക്കുവേണ്ടി ചെയ്യുവാൻപോകുന്ന ഒരു നല്ല കാര്യത്തിൽ ആ നല്ല കാര്യത്തെതന്നെ മുൻനിർത്തി അതിനനുയോജ്യമായ ഒരു രക്ഷചെയ്യണമെന്നുള്ളതാണു് എന്റെ ഭേദഗതിയുടെ ഉദ്ദേശം. അതായതു് ഫ്രഫർ വൃശ്ചികം മുതൽ കർഷകന്മാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളേയും അവശതകളേയും പരിഹരിക്കുന്നതിനു ഫ്രഫർ വൃശ്ചികം മുതൽ നടത്തീട്ടുള്ള വിധികളെയെല്ലാം റദ്ദുചെയ്യണമെന്നുള്ളതും വിധിച്ചിട്ടുള്ള വിധികളെ നിവൃത്തിവെക്കണമെന്നുള്ളതുമാണു്. വാസ്തവത്തിൽ നാളെയും മറന്നാളുമായി ഏതെങ്കിലും രൂപത്തിൽ ഗവൺമെൻറു് അവതരിപ്പിക്കുന്ന ബിൽ പാസായാൽതന്നെ അതിന്റെ തരിയായ ഫലം വരണമെന്നുണ്ടെങ്കിൽ ഇങ്ങിനെ ഒരു വിധിനിരുത്തു വിളംബരം കൂടി ഉണ്ടാകണം. മദ്രാസിൽ ഇതുപോലെ ഒരു നിയമം പാസ്സായിട്ടുണ്ടു്, ബങ്കാളിൽ ഒരു നിയമം പാസാക്കുവാൻ പോകുന്നു, ബോംബെയിൽ ഈ മാതിരി ഒരു നിയമം അവിടത്തെ ഗവൺമെൻറിന്റെ ആലോചനയിൽ ഇരിക്കുന്നു. അതുകൊണ്ടു് കൊച്ചി ഗവൺമെൻറും ഈ കാര്യത്തിൽ വല്ലതും ചെയ്യണം, അതായതു് പേരിനുവേണ്ടി ചെയ്യണം, എന്നുള്ള ഒരു നിലയല്ല നമ്മുടെ ഗവ

* Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് എടുത്തിട്ടുള്ളതു്. ഗവമ്മെൻറ് അതു് പ്രവർത്തിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിയാണു് ഇതിനു മുതിർന്നിട്ടുള്ളതു എന്നുള്ളതിനു യാതൊരുസംശയവുമില്ല. എന്നാൽ അനുദ്യോഗസ്ഥന്മാരും അതിൽ ഗവമ്മെൻറിനോടു സഹകരിക്കയാണു ചെയ്യുന്നതു്. അതുകൊണ്ടു് ഗവമ്മെൻറിൻെറ ബില്ലിനു വളരെ അനുയോജ്യമായ എൻെറ ഭേദഗതിയോടുകൂടിയ ഈ ബില്ലിനെ ബഹുമാനപ്പെട്ട ഈനിയമസഭ അനുകൂലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ ഇതിൻെറ ആവശ്യത്തെപ്പറ്റി മുൻ അവസരങ്ങളിൽ പ്രസ്താവിച്ചിട്ടുള്ളതുകൊണ്ടു് ഇനി പറയുന്നതു് ഒരധികപ്രസംഗമായിരിക്കുമെന്നാണു് എൻെറ അഭിപ്രായം. അതുകൊണ്ടു ഈ ബിൽ എല്ലാവരും അനുകൂലിച്ചു പാസാക്കണമെന്നു ഒരിക്കൽകൂടി അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. K. P. Kannan Nayar *(Secretary to Government):* So far as this motion is concerned, Government are not in a position to accept it. Government really think that there is no necessity at this stage for such a motion. The Hon'ble Member for Cranganur, Mr. Ibrahim is perfectly right when he said that the House has been passing resolutions after resolutions with reference to this moratorium business, but now the whole atmosphere is changed. There is a Bill already introduced by Government, and that Bill is to be taken up immediately for consideration. And there is no reason to think that that Bill would not be passed also by this House; and the moment it is passed, it is Government's intention to bring it into effect without any delay. When that is so, and when that Bill itself contains provisions with reference to practically a declaration of a moratorium for 6 months—there is already that provision there—I really cannot understand what purpose would be served by such a Bill like this. In fact there was an apprehension to which he referred, when he was moving this motion, that probably that Bill itself may not be passed or the Bill may be passed with some amendments which may not be acceptable to this House. If that is so, it is still open to this member to move the same motion at the very next session. There is no harm in not pressing this motion at this stage. Suppose the Government Bill is not to be passed at all or is going to be passed in a form which is not acceptable to this House. Even now the motion is for introduction, and he can make the very same motion at the next session of the Council. There is no hurry, so far as this motion is concerned. I think there is really no purpose served by pressing this motion at this stage, when Government are so very sincere and earnest in introducing a Bill which has already been considered by a Select Committee of this House. There was also a recent conference of all the members of this House with regard to this Bill.

I would, in these circumstances, request the hon'ble member to withdraw his Bill. If the hon'ble member is going to press the motion to a division, Government will have no option but to oppose it.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. വി. ഇയ്യു: സർ, ഈ ബിൽ അടുത്തനിയമസഭയിൽ കൊണ്ടുവരാമെന്ന ബഹുമാനപ്പെട്ട ശവമ്മെണ്ടു സിക്രട്ടറി പറഞ്ഞു. ഇനി ഒരു സെഷൻ വരുന്നതു ര് മാസം കഴിഞ്ഞിട്ടാണു". ശവമ്മെണ്ടിന്റെ ബില്ലുകൊണ്ടുള്ള ഫലം തരിക്കു ഉണ്ടാകണമെങ്കിൽ ഈ ബില്ലിൽ വിവക്ഷിക്കപ്പെട്ടിട്ടുള്ള എല്ലാതത്വങ്ങളും കൂടി ശവമ്മെണ്ടു അംഗീകരിക്കണം.

ഈ ബില്ലിൽ മിസ്റ്റർ ഇബ്രാഹിം അവതരിപ്പിച്ചിട്ടുള്ള ഭേദഗതി സ്വീകരിയ്ക്കുന്നതു എനിയ്ക്കു സമ്മതമാണു". കർഷകർക്കു ആശ്വാസമില്ലാതിരിയ്ക്കുന്ന ഈ സന്ദർഭത്തിൽ തല്ക്കാലം അവർക്കു ശ്വാസം വിടുവാനുള്ള വ്യവസ്ഥകളെല്ലാം ഈ ബില്ലിലുണ്ടു". ശവമ്മെണ്ടുദ്ദേശിയ്ക്കുന്ന ബിൽ ഈ സയ്ക്ലിഷ്ടമുള്ള വിധത്തിൽ പാസാക്കുകയാണെങ്കിൽതന്നെയും തല്ക്കാലം ഈ ബില്ലിൽ പറയുന്ന വ്യവസ്ഥകളനുസരിച്ചു ആറുമാസത്തെ തക്ഷകൊടുക്കാതെ യാതൊരു നിവൃത്തിയും ഉണ്ടാകയില്ല. അതുകൊണ്ടു ശവമ്മെണ്ടു മിസ്റ്റർ ഇബ്രാഹിമിന്റെ ഭേദഗതിയോടുകൂടി ഈ ബിൽ സ്വീകരിച്ചു കുറെക്കൂടി നീട്ടിക്കൊടുക്കുന്നപക്ഷം അതായിരിയ്ക്കും നല്ലതു. മോറട്ടോറിയത്തിന്റെ തത്വം ശവമ്മെണ്ടു സ്വീകരിച്ചിട്ടുണ്ടെങ്കിൽ ഈ ബിൽ സ്വീകരിയ്ക്കുന്നതിനു എന്താണു വിരോധം? അതുകൊണ്ടു ഞാൻ ഈ ബിൽ പിൻവലിയ്ക്കണമെന്നു വിചാരിയ്ക്കുന്നില്ല. ഈ സമയത്തിലുള്ള നിയമജ്ഞന്മാരായ അനുഭാവശസ്ഥന്മാർക്കു ഈ ബിൽ ഞാൻ ഒരു ഉരകല്ലായിട്ടാണു" ഇവിടെ വെച്ചിരിക്കുന്നതു".

The motion was put and lost.

Mr. C. V. Iyyu *(Kunnamkulam):* I demand a poll, Sir.

Ayes.

Messrs.
1. C. V. Iyyu.
2. A. Eachara Menon.
3. K. S. Panicker.
4. K. M. Ibrahim.
5. K. R. Viswambharan.
6. B. M. Peter.

Noes.

Messrs.
1. V. K. Krishnankutty.
2. K. Kochukunhan Kaimal.
3. P. K. Madhava Menon.
4. N. Govinda Pai.
5. E. Ikkanda Warriar.
6. S. S. Koder.
7. C. J. Luiz.
8. N. V. Subbrayan Chetty.
9. V. K. Kutty.
10. K. P. Vallon.
11. K. Achyuta Menon.
12. K. P. Kannan Nayar.

Messrs.
13. P. J. George.
14. C. A. Kunjunni Raja.
15. Dr. D. Raghavendra Rao.
16. T. Narayana Menon.
17. Rao Bahadur M. Narayana Menon.
18. K. V. Menon.
19. Rao Sahib I. N. Menon.
20. Rama Varmha Tampuran.
21. M. Raman Menon.
22. V. K. Aravindaksha Menon.

LIBRARY ARCHIVES Kerala Legislative Assembly